**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 994** **07-12-2022 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ വാദ്യ കലാകാരന്മാർ ഉൾപ്പെടെയുള്ള വിവിധ തസ്തികകളിലെ ഒഴിവുകൾ റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നിയമനം നടത്തുന്നതിനായി റിപ്പോർട്ട് ചെയ്തിട്ടില്ല എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ക്ഷേത്ര ജീവനക്കാരുടെ പുനർവിന്യാസ നടപടിക്രമങ്ങൾ നടന്നു വരികയാണ്. ആയത് പൂർത്തിയായാൽ മാത്രമേ കൃത്യമായ ഒഴിവ് വിവരം റിക്രൂട്ട്മെന്റ് ബോർഡിലേയ്ക്ക് നൽകുവാൻ സാധിക്കുകയുള്ളൂ.<br><br>മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ നിയമനം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയല്ല.<br><br>ഗുരുവായൂർ കൊച്ചിൻ ദേവസ്വങ്ങളിലെ വാദ്യ ജീവനക്കാരുടെ തസ്തികകൾ ഉൾപ്പെടെയുള്ള എല്ലാ തസ്തികകളും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് അതത് സമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>കൂടൽമാണിക്യം ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ വാദ്യകലാകാരന്മാരുടെ സ്ഥിരം തസ്തികകൾ ദേവസ്വം റെഗുലേഷൻ 2003 ൽ ഇല്ല. കൂടൽമാണിക്യം ദേവസ്വത്തിലെ പൂണൽമാരുടേയും കീഴ്ശാന്തിമാരുടേയും, എൽ.ഡി.ക്ലാർക്കു മാരുടേയും ഒഴിവുകൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലും നിലവിൽ താൽക്കാലിക ജീവനക്കാരായും കരാർ ജീവനക്കാരായും ജോലി ചെയ്യുന്ന ആളുകളുടെ എണ്ണം, തസ്തിക എന്നിവ ദേവസ്വം ബോർഡ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു |
| (സി) | ഇവരുടെ വേതനവും മറ്റു ആനുകൂല്യങ്ങൾക്കുമായി പ്രതിമാസം ചെലവഴിക്കുന്ന ആകെ തുക എത്രയാണെന്ന് അറിയിക്കുമോ? | (സി) | വിവരം ശേഖരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ